പുരാണങ്ങളെ പുരാതന വായനയിൽ തളച്ചിടരുത്

ഇന്ത്യൻ മിത്തോളജിയെ പുതിയ കാലത്തിനനുസരിച്ച് വ്യാഖ്യാനിച്ച് ജനപ്രിയ വായനാവിഭവമാക്കിയ എഴുത്തുകാരനാണ് ദേവദത്ത് പട്നായിക്. പട്നായിക്കിന്റെ കണ്ണിലൂടെ കാണുമ്പോൾ പലപ്പോഴും മിത്തോളജിക്കും വർത്തമാനകാലത്തിനുമിടയിലെ ദൂരങ്ങൾ അപ്രത്യക്ഷമാവുന്നു. കഥകൾക്ക് പുതിയ തലം കൈവരുന്നു. വേറൊരു തരത്തിലുള്ള വായന സാധ്യമാവുന്നു. ഇക്കഴിഞ്ഞ മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിൽ പങ്കെടുക്കാൻ തിരുവനന്തപുരത്തെത്തിയ ദേവദത്ത് പട്നായിക്കുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ

ദേവദത്ത് പട്നായിക്/ഷബിത
✉ shabitha.saj@gmail.com

my GITA DEVDUTT PATTANAIK
7 SECRETS FROM HINDU CALENDAR ART DEVDUTT PATTANAIK
VISHNU DEVDUTT PATTANAIK
GODDESS DEVDUTT PATTANAIK
7 SECRETS OF SHIVA DEVDUTT PATTANAIK
DEVDUTT PATTANAIK JAYA MAHABHARATA
99 Thoughts on GANESHA

ദേവദത്ത് പട്നായിക്

? പുരാണേതിഹാസങ്ങളെ ആധുനികമാനേജുമെൻറുമായി ബന്ധപ്പെടുത്തിയുള്ള താങ്കളുടെ പഠനങ്ങൾ ശ്രദ്ധേയമാണ്. ഇതിഹാസങ്ങളും മോഡേൺ മാനേജുമെൻറും എങ്ങനെയാണ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്

= നൂറുവർഷംമുമ്പ് അമേരിക്കയിൽ ഉയർന്നുവന്ന ആശയമാണ് മോഡേൺ മാനേജ്മെൻറ്. മിഷണറി പ്രവർത്തനങ്ങളെയും റോമൻ ആർമിയെയും അടിസ്ഥാനമാക്കിയാണ് ഇത് രൂപംകൊണ്ടത്. ഈജിപ്തിലെ അടിമകളെ അമേരിക്കയിലെ ഉയർന്നജീവിതസാഹചര്യത്തിലേക്ക് മാറ്റിപ്രതിഷ്ഠിക്കുക എന്നതായിരുന്നു മോഡേൺ മാനേജുമെൻറുകൊണ്ട് ഉദ്ദേശിച്ചത്. ദുരിതങ്ങളിൽനിന്ന് നല്ല ജീവിതസാഹചര്യമുണ്ടാക്കുക എന്നതാണ് ചുരുക്കം. വാഗ്ദത്തഭൂമിയിലേക്ക് നിങ്ങൾ നടത്തുന്ന യാത്രയാണ് മോഡേൺ മാനേജ്മെൻറ്. പുരോഹിതരെ നമുക്ക് ഈ അർഥത്തിൽ സംരംഭകൻ എന്നോ സി.ഇ.ഒ. എന്നൊക്കെയോ വിളിക്കാം. ചോദ്യമിതാണ്; ആർക്കാണ് വിശക്കുന്നത്, ഏത് വ്യവസ്ഥയ്ക്കാണ് വിശപ്പിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നത്, ആരാണ് ധനികനാവുന്നത്, ആരൊക്കെയാണ് ഇതിനുവേണ്ടി പ്രവർത്തിക്കുന്നത്?

സ്വർഗലോകംതന്നെ നമുക്ക് ഉദാഹരണമായെടുക്കാം. ഇന്ദ്രൻ തൻെറ സ്വത്തിൻെറയും പ്രതാപത്തിൻെറയും കാര്യം മാത്രമേ പരിഗണിച്ചിരുന്നുള്ളൂ. കൈലാസത്തിലിരിക്കുന്ന ശിവൻെറ കാര്യമാണെങ്കിലോ തൻെറ വിശപ്പിനെക്കുറിച്ചോ മറ്റ് ഭൗതികസാഹചര്യങ്ങളെക്കുറിച്ചോ ഒട്ടും ബോധവാനായിരുന്നില്ല അദ്ദേഹം. മറ്റുള്ളവരുടെ വിശപ്പിനായിരുന്നു ശിവൻ എന്നും മുൻഗണനകൊടുത്തിരുന്നത്. ഒരു സംരംഭകൻെറ യാത്ര സ്വർഗലോകത്തുനിന്നും വൈകുണ്ഠത്തിലേക്കുള്ളതാണ്. തൻെറ പ്രജകളുടെ ക്ഷേമത്തിനാണ് വിഷ്ണു പ്രവർത്തിച്ചിരുന്നത്. മോഡേൺ മാനേജ്മെൻറ് മാതൃകയാക്കേണ്ടത് ഇത്തരം പുരാണകഥാപാത്രങ്ങളുടെ ആസൂത്രണങ്ങളാണ്. ജനക്ഷേമത്തിനായി രണഭൂമിയിൽ യുദ്ധം ചെയ്യുന്നതും മോഡേൺ മാനേജുമെൻറാണ്. അവിടെ നാശംവിതയ്ക്കലല്ല ലക്ഷ്യം, മറിച്ച് വിശപ്പ് ശമിപ്പിക്കുക എന്നതാണ്. എന്നാൽ, ഇന്നത്തെ ഇന്ത്യൻസാഹചര്യത്തിൽ മോഡേൺ മാനേജ്മെൻറ് എന്ന സംജ്ഞ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നു. അതുകൊണ്ടാണ് പുരാണേതിഹാസങ്ങളെ ഞാൻ മോഡേൺ മാനേജുമെൻറുമായി ബന്ധപ്പെടുത്തിയത്. ഇവിടെ കോർപ്പറേറ്റുകളാണ് ബുദ്ധിപരമായ നീക്കങ്ങൾ നടത്തുന്നത്. മനുഷ്യരെ പട്ടിണിയാക്കിക്കൊണ്ട് അവർ ലാഭം കൊയ്യുന്നു.

? സൃഷ്ടിസ്ഥിതിസംഹാരത്തെ എങ്ങനെയാണ് താങ്കൾ മോഡേൺ മാനേജുമെൻറുമായി ബന്ധിപ്പിച്ചത്

= ഒരുകാലത്തും വ്യതിചലനമുണ്ടാവാൻ പോകാത്ത ഒന്നാണ് ഭാരതീയ തത്ത്വചിന്തകൾ. നിരാശയിൽനിന്നും ഉദ്ഭവിക്കുന്നതും ബാബിലോണിയൻ സംസ്കാരത്തിൻെറ പലായനവുംകൊണ്ട് നിറഞ്ഞതാണ് പാശ്ചാത്യതത്ത്വചിന്തകൾ. ഇന്ത്യൻ ചിന്താധാരകൾ സുവർണകാലങ്ങളെയാണ് എക്കാലവും പ്രകീർത്തിക്കാറുള്ളത്. എന്നാൽ, ബാബിലോണിയൻ സംസ്കാരത്തിൽ തങ്ങൾക്ക് ഒരു നല്ലകാലമുണ്ടായിരുന്നെന്നും ആ കാലം തിരിച്ചുപിടിക്കണമെന്നുമാണ് അവർ ചിന്തിക്കുന്നത്. **ഇന്ത്യയെ സംബന്ധിച്ചിടത്തോളം നിങ്ങളൊരു ഓർഗനൈസേഷൻ സ്റ്റാർട്ട് അപ്പ് ചെയ്യുന്നു, കുറച്ചുകാലം അത് മുന്നോട്ടുകൊണ്ടുപോകുന്നു, പിന്നെയത് നിർബന്ധമായും തകർന്നിരിക്കണം. എല്ലാറ്റിനും ഒരു അന്ത്യം ഉണ്ടാവണമെന്ന് നമുക്ക് നിർബന്ധമാണ്. നമ്മുടെ ഗൃഹസ്ഥാശ്രമങ്ങളും സൂചിപ്പിക്കുന്നത് അതാണ്. നാല് ആശ്രമങ്ങളിലൂടെയും നമ്മൾ കടന്നുപോവുകയും ഒടുക്കം മരണം നിർബന്ധമാവുകയും ചെയ്യുന്നു. ഒന്നും അനശ്വരമല്ല നമ്മൾക്ക്. ഈ വികാരം അടുത്തതലമുറയിലേക്കും നമ്മൾ പകർന്നുകൊടുക്കുകയും ചെയ്യും. നിങ്ങൾ നിങ്ങളുടെ വ്യവസ്ഥാപിത താത്പര്യങ്ങളെ മാത്രം പരിഗണിക്കുമ്പോൾ അത് ബ്രഹ്മമാകുന്നു. നിങ്ങളെക്കുറിച്ചും മറ്റൊന്നിനെക്കുറിച്ചും നിങ്ങൾ ചിന്തിക്കുന്നില്ലെങ്കിൽ അത് സംഹാരമാകുന്നു. അന്യരെക്കുറിച്ചു നിങ്ങൾ ബോധവാനാണെങ്കിൽ അത് സ്ഥിതിയാകുന്നു. സമൂഹത്തിൽ നമുക്കാവശ്യം വിഷ്ണുവിൻെറ മനസ്സുള്ളവരെയാണ്. അന്യരുടെ ഉദരപൂരണത്തിനാണ് അദ്ദേഹം പ്രാധാന്യം കൊടുക്കുന്നത്. ഒന്നും അനശ്വരമല്ല എന്ന് അദ്ദേഹവും നമ്മെ ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു.** അതാണ് ഇന്ത്യൻ തത്ത്വചിന്തയുടെ വേരുറച്ചുപോയ രീതിയും ഭാവവും.

? വിഷ്ണു-ശിവ-ബ്രഹ്മാവുമാരെ കോർപ്പറേറ്റ് സ്വഭാവവുമായി ചേർത്തുകൊണ്ടാണ് താങ്കൾ ഇന്ത്യൻ മാനേജ്മെൻറിനെ നിർവചിച്ചിരിക്കുന്നത്.

= ഈ മൂന്നുപേരും അടിസ്ഥാനപരമായി നമ്മുടെ ഇടയിലുള്ള മനുഷ്യരുടെ പ്രതിനിധികളാണ്. രസകരമായിത്തോന്നുക ശിവൻെറ പ്രവൃത്തികളാണ്. അദ്ദേഹം വൈരാഗിയാണ്. യാതൊരു കോർപ്പറേറ്റ് ചിന്തകളും തൊട്ടുതീണ്ടാത്തയാളാണ്. അതുകൊണ്ടാണ് കാളകൂടവിഷം വിഴുങ്ങിയതും. അദ്ദേഹത്തിന് യാതൊന്നിലും താത്പര്യമില്ല. കോർപ്പറേറ്റ് മുതലാളിമാരുടെ തനത് പ്രതിനിധിയാണ് ബ്രഹ്മാവ്. സ്വന്തം കാര്യങ്ങൾ മാത്രമേ അദ്ദേഹത്തിൻെറ പരിഗണനയിലുള്ളൂ. ഏറ്റവും കൂടുതൽ സാമൂഹ്യപ്രതിബദ്ധതയുള്ളത് വിഷ്ണുവിനാണ്. ശിവന് സമൂഹത്തിൻെറ ഭാഗമാവാൻ അത്ര താത്പര്യമൊന്നുമില്ല. നമ്മുടെ സമൂഹത്തിലും അങ്ങനെയുള്ളവർ ഉണ്ടല്ലോ. ഒരുകൂട്ടർ സമൂഹത്തോട് ചേരാനിഷ്ടപ്പെടാതെ മാറിനിൽക്കുമ്പോൾ മറുകൂട്ടർ സമൂഹത്തോട് ചേർന്നുനിന്ന് തങ്ങളുടെ പ്രതിബദ്ധത തെളിയിച്ചുകൊണ്ടേയിരിക്കുന്നു. ദാമ്പത്യബന്ധത്തിൽ ഭർത്താവ് തന്നെക്കുറിച്ചുമാത്രം ചിന്തിക്കുന്നയാളാണെങ്കിൽ അയാൾ ബ്രഹ്മാവാണ്. തന്നെക്കുറിച്ചും ഭാര്യയെക്കുറിച്ചും യാതൊന്നുംതന്നെ ചിന്തിക്കാൻ താത്പര്യമില്ലാത്തയാൾ ശിവനാണ്. ഭാര്യാതത്പരനും ദാമ്പത്യമിഷ്ടപ്പെടുന്നയാളുമാണെങ്കിൽ അയാൾ വിഷ്ണുവാണ്. ഇന്ത്യൻ മാനേജ്മെൻറിൻെറ ഒരു ഭാഗമാണ് കുടുംബം.

? മിത്തുകൾക്കും പുരാണങ്ങൾക്കും ഇന്ത്യൻ സംസ്കാരത്തിൽ ഒഴിച്ചുകൂടാനാവാത്ത പങ്കാണല്ലോ ഉള്ളത്.

= ഹൈന്ദവക്ഷേത്രസംസ്കാരവുമായി ബന്ധപ്പെടുത്തിയാണ് ഇതിഹാസങ്ങളെയും മിത്തുകളെയും നമ്മൾ കൂട്ടിവായിക്കേണ്ടത്. ക്ഷേത്രങ്ങളിൽ കൊത്തിവെച്ചിരിക്കുന്നതോ വരച്ചുവെച്ചിരിക്കുന്നതോ ആയ മുഖങ്ങളാണ് നമ്മൾ രാമനും കൃഷ്ണനുമൊക്കെ കൊടുത്തിരിക്കുന്നത്. അതൊക്കെ ഒരുകൂട്ടം കലാകാരന്മാരുടെ ഭാവനയാണ് എന്നതൊക്കെ നമ്മൾ സൗകര്യപൂർവം മറക്കുന്നു. ഭക്തിയുടെ മറ്റൊരു തലത്തിലുള്ള വ്യാപാരമാണ് അവിടെ നടക്കുന്നത്. നോക്കൂ നമ്മുടെ ദൈവങ്ങളൊക്കെ എത്രമാത്രം റിലാക്സ്ഡാണെന്ന്! ലോകയുദ്ധസമാനമായ കുരുക്ഷേത്രയുദ്ധം നടന്നപ്പോൾ അതിൻെറ സൂത്രധാരനായി വ്യാസകവി വാഴ്ത്തുന്ന ഭഗവാൻ കൃഷ്ണൻ പുഞ്ചിരിച്ചുകൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നമ്മുടെ വീരേതിഹാസനായകൻമാരൊക്കെ മന്ദഹാസത്തോടെയാണ് യുദ്ധംചെയ്യുന്നത്. ഇന്ത്യൻ സംസ്കാരത്തിൽ ബുദ്ധിജീവികളുടെ ശരീരഘടനയാണ് നമ്മൾ ആരാധനാപുരുഷന്മാർക്കും കല്പിച്ചുകൊടുത്തിരിക്കുന്നത്. നമ്മുടെ ബുദ്ധിജീവികൾ മൃഷ്ടാന്നം ഭുജിച്ച് ആലോചനയിൽ മാത്രം കഴിയുന്നവരാണ്. അവരുടെ ശരീരം മാംസളമായതും ഒട്ടും അധ്വാനക്ഷമതയില്ലാത്തതുമാണ്. അതുകൊണ്ടായിരിക്കാം ആദ്യകാലങ്ങളിൽ നമ്മുടെ ചിത്രകാരന്മാർ വരച്ചിരുന്ന പല ആരാധനാപുരുഷന്മാർക്കും മസിലുകളില്ലാതിരുന്നത്. എന്നാൽ, ഇന്ന് ദൃശ്യമാധ്യമങ്ങൾ ഇതിഹാസങ്ങളെ കച്ചവടവത്കരിച്ചപ്പോൾ ഇതിഹാസകഥാപാത്രങ്ങൾക്ക് അല്പം മസിലുകളൊക്കെ കണ്ടുതുടങ്ങിയിട്ടുണ്ട്. നമ്മുടെ പൗരാണിക ആരാധനാപുരുഷന്മാരുടെ വസ്ത്രധാരണം നോക്കൂ. സ്ത്രൈണതയാണ് ഇതിലുടനീളമുള്ളത്. നഗ്നതമറയ്ക്കാനല്ല മറിച്ച് അലങ്കാരത്തിനാണ് ഇവരുടെ വസ്ത്രധാരണം.

? മഹാഭാരതവും രാമായണവും നമ്മൾ ഭക്തിയോടെ സമീപിക്കേണ്ടതില്ല എന്നാണോ...

=മഹത്തായ കാവ്യഭാവുകത്വത്തിൽനിന്ന് ഉടലെടുത്ത രണ്ടു സാഹിത്യകൃതികളാണ് രാമായണവും മഹാഭാരതവും. ഗ്രീക്കുകാരുടെ ഇലിയഡും ഒഡീസിയും പോലെത്തന്നെ. മനുഷ്യരെ നേർവഴിക്ക് നടത്താനും പാപത്തിൻെറ ശിക്ഷയെക്കുറിച്ച് നമ്മളെ ബോധവത്കരിക്കാനുമൊക്കെയാണ് ഇതിഹാസങ്ങൾ ശ്രമിക്കുന്നത്. ആധുനികസമൂഹം മുറവിളികൂട്ടുന്ന എല്ലാവിധ പ്രസ്ഥാനങ്ങളുടെയും ആകത്തുകയാണ് നമ്മുടെ പുരാണേതിഹാസങ്ങൾ. LGBTQ കാഴ്ചപ്പാടുകൾ ശിഖണ്ഡിയിലൂടെയും ബൃഹന്നളയിലൂടെയും വ്യക്തമാക്കുന്നുണ്ട്. ലിംഗസമത്വവും നമുക്ക് കാണാൻ സാധിക്കും. ഇതിഹാസങ്ങളെ ആഴത്തിൽ വായിക്കുമ്പോഴാണ് കൂടുതൽ രസകരം. ശൂർപ്പണഖയുടെ മൂക്കും മാറിടവും ലക്ഷ്മണൻ അറുത്തുമാറ്റിയതിനുശേഷം രാമൻ അസ്വസ്ഥനായിരുന്നു, അവസാനംവരെ. ഒരു സ്ത്രീയെ അപമാനിക്കേണ്ട രീതി അതല്ലായിരുന്നു എന്നാണ് രാമൻെറ ശിഷ്ടജീവിതം നമ്മെ പഠിപ്പിക്കുന്നത്. ഭക്തിയാണോ അതോ യുക്തിയാണോ ഇതിഹാസവായനയ്ക്ക് നമ്മൾ സ്വീകരിക്കേണ്ടത് എന്നതാണ് ആധുനികമനുഷ്യൻ തീരുമാനിക്കേണ്ടത്. പുരാണങ്ങളെ ഇനിയും പുരാതനവായനയിൽ തളച്ചിടുന്നതിൽ അർഥമില്ലല്ലോ. പുഷ്പകവിമാനം ഇന്ധനമില്ലാതെ പറത്തിയതിൻെറയും ഐരാവതത്തിൻെറ ക്രാഫ്റ്റുമൊക്കെയാണ് നമ്മൾ ചിന്തിക്കേണ്ടത്.

? ഇന്ത്യൻ സാഹിത്യവും സിനിമയും ഇതിഹാസങ്ങളുടെ അനുകല്പനങ്ങളാൽ സമ്പന്നമാണെന്ന് തോന്നിയിട്ടുണ്ടോ

= ധാരാളം സിനിമകളും സീരിയലുകളും ആഖ്യായികകളും ഇതിഹാസങ്ങളെ അടിസ്ഥാനമാക്കി ഉണ്ടായിട്ടുണ്ട്. തമാശയെന്തെന്നാൽ ഇവയുടെ ഘടനാപരമായ വ്യത്യാസത്തിലാണ്. എല്ലാറ്റിനും ആകർഷകമായ തുടക്കവും ഒഴുക്കും ഒടുക്കവുമുണ്ടാകും. **എന്നാൽ, രാമായണത്തിനും മഹാഭാരതത്തിനും കൃത്യമായ ക്ലൈമാക്സില്ല. രാമായണം രാമൻെറ ജനനംമുതൽ മരണംവരെയുള്ള കഥപറയുന്നുണ്ടാകാം. എന്നാൽ, അതല്ല രാമായണത്തിൻെറ ക്ലൈമാക്സ്. പാണ്ഡവരുടെ ജനനംമുതൽ മരണംവരെയുള്ള കഥയാണ് മഹാഭാരതം പ്രമേയമാക്കിയിരിക്കുന്നത്. എന്നാൽ, അതിനും കൃത്യമായ ഒരു ക്ലൈമാക്സില്ല. അനുകല്പനങ്ങളിൽ ഇതിഹാസങ്ങളിലില്ലാത്ത ക്ലൈമാക്സുകൾ കൃത്രിമമായി ഉണ്ടാക്കേണ്ടിവരുന്നു. രാമനും രാവണനുമാണ് അവർക്ക് കഥകളിലെ പ്രധാന എലമെൻറുകൾ. എന്നാൽ, യഥാർഥത്തിൽ അങ്ങനെയല്ല. സീതാഹരണമോ, സുഗ്രീവവധമോ ഒന്നും രാമായണത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളല്ല. അരിസ്റ്റോട്ടിലിയൻ മോഡലിലുള്ള ആഖ്യാനമാണ് അനുകല്പനങ്ങളിൽ കാണാനാവുക.** തുടക്കവും ഒടുക്കവും കൃത്യമായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടാകും. അവർ കഥാപാത്രങ്ങളെ മാറ്റത്തിനുവിധേയമാക്കുന്നു. എന്നാൽ, യഥാർഥ രാമായണത്തിലെ രാമന് മറ്റൊരു സ്വഭാവം ചാർത്തിനൽകാനാവില്ല. രാമൻ ഭഗവാനാണ്. ഭഗവാൻ എന്നതിനർഥം സ്ഥായീസ്വഭാവമുള്ളയാൾ എന്നാണ്. അദ്ദേഹത്തിൻെറ ചുറ്റുമുള്ളവരുടെ സ്വഭാവമാണ് മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത്. നാട്യശാസ്ത്രത്തിലും അങ്ങനെത്തന്നെയാണ്. കേന്ദ്രകഥാപാത്രത്തിന് മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല. ചുറ്റുമുള്ളവർ മാറിക്കൊണ്ടേയിരിക്കും. ഗ്രീക്ക് മിത്തോളജിയുടെ ഉദ്ദേശ്യംതന്നെ കഥാർസിസ് ആണ്. അവിടെ നായകനാണ് ഓരോ ഘട്ടത്തിലും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത്. രാമരാജ്യം എന്നത് സമ്പദ്സമൃദ്ധമായ അവസ്ഥയാണ്. രാമരാജ്യം കൊട്ടിഘോഷിക്കുന്നവർ സാമ്പത്തികാവസ്ഥയെക്കുറിച്ചോ, മറ്റ് സമാധാനാന്തരീക്ഷത്തെക്കുറിച്ചോ ചിന്തിക്കുന്നില്ല എന്നതാണ് സങ്കടകരം. ശുഭലാഭമംഗല്യത്താൽ സമ്പന്നമായിരിക്കണം രാമരാജ്യം. ഇവിടെ നേരാംവണ്ണം ജോലിയുമില്ല, കൂലിയുമില്ല. സാമ്പത്തികാവസ്ഥയുടെ പിന്നാക്കത്തെ രാമരാജ്യവുമായി എങ്ങനെ നമ്മൾ ബന്ധിപ്പിക്കും?

> ***ഇന്ത്യൻ സംസ്കാരത്തിൽ ബുദ്ധിജീവികളുടെ ശരീരഘടനയാണ് നമ്മൾ ആരാധനാപുരുഷന്മാർക്കും കല്പിച്ചുകൊടുത്തിരിക്കുന്നത്. നമ്മുടെ ബുദ്ധിജീവികൾ മൃഷ്ടാന്നം ഭുജിച്ച് ആലോചനയിൽ മാത്രം കഴിയുന്നവരാണ്. അവരുടെ ശരീരം മാംസളമായതും ഒട്ടും അധ്വാനക്ഷമതയില്ലാത്തതുമാണ്. അതുകൊണ്ടായിരിക്കാം ആദ്യകാലങ്ങളിൽ നമ്മുടെ ചിത്രകാരന്മാർ വരച്ചിരുന്ന പല ആരാധനാപുരുഷന്മാർക്കും മസിലുകളില്ലാതിരുന്നത്***

? പുരാണേതിഹാസങ്ങളിലെ പല സംജ്ഞകളും കടമെടുത്തുകൊണ്ട് ഇവിടെ ധാരാളം സംഘടനകളുണ്ട്.

= മിത്തോളജിക്കൽ ഭാഷ സാധാരണഭാഷയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഇതിഹാസങ്ങളിലെ സേവയുടെയോ, സേനയുടെയോ അർഥമല്ല ഇപ്പോൾ മേൽപ്പറഞ്ഞ സംഘടനകൾ ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്നത്. മാതാസേവ, ഹനുമാൻ സേന, ശിവസേന തുടങ്ങി ധാരാളം സേവകളും സേനകളും ഇന്ന് നിലവിലുണ്ട്. തികച്ചും രാഷ്ട്രീയമായ താത്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന സംഘടനകളാണ് അവയൊക്കെ. സേവ എന്ന വാക്ക് സിഖ് മതത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. ഇസ്ലാമിലെ സക്കാത്ത് എന്നേ അതിനർഥമുള്ളൂ. ക്ഷേത്രങ്ങളിൽ അർച്ചനയും ആരാധനയുമാണുള്ളത്. അവിടെ സേവയില്ല. സേവ എന്നത് സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട വാക്കാണ്. അത് ആരാധനയുമായും വിശ്വാസവുമായും കൂട്ടിയിണക്കുമ്പോളാണ് പ്രശ്നം.

? എന്തുകൊണ്ടാണ് ഇതിഹാസങ്ങളെ മതങ്ങൾ രാഷ്ട്രീയമായും ബൗദ്ധികമായും കൈയടക്കിവെക്കാൻ ശ്രമിക്കുന്നത്.

= മതങ്ങളുടെ ആകെയുള്ള പിടിവള്ളിയാണ് പുരാണങ്ങളും മിത്തുകളും. നിങ്ങൾ ആദത്തിൻെറയും ഹവ്വയുടെയും കഥകൾ പുനരാഖ്യാനം ചെയ്യാനോ അനുകല്പനം ചെയ്യാനോ മുതിർന്നുനോക്കൂ, ക്രിസ്ത്യാനികളും മുസ്ലിങ്ങളും ഒന്നുപോലെ അസ്വസ്ഥരാകും. അവരുടെ വിശ്വാസത്തിനുമേൽ നിങ്ങളേൽപ്പിക്കുന്ന പ്രഹരത്തെക്കുറിച്ച് അവർ ഉത്കണ്ഠപ്പെടും. നിങ്ങൾ ഒരു പ്രത്യേക മതവിഭാഗത്തിൻെറ വിശ്വാസത്തെ മാറ്റിപ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നെന്ന് അവർ ആരോപിക്കും. ഇതൊക്കെ ഒരുതരം രാഷ്ട്രീയച്ചരടുവലിയാണ്. രാഷ്ട്രീയനേതാക്കളെ സംബന്ധിച്ചിടത്തോളം ഇതൊന്നും വലിയ കാര്യമായിരിക്കില്ല. പക്ഷേ, മതവും ആത്മീയതയും വലിയൊരു ആയുധം തന്നെയാണ്.

ഇന്ത്യയിൽ മുപ്പതുശതമാനംപേർ മുസ്ലിങ്ങളാണ്. ഇസ്ലാമിക് മിത്തോളജി നല്ല താത്പര്യമുണർത്തുന്ന ഒന്നുതന്നെയാണ്. സാഹിത്യം നിരോധിക്കുക എന്നത് ഒരുതരം അധികാരവും മേൽക്കോയ്മയും കാണിക്കലാണ്. വിശ്വാസവും ആചാരങ്ങളും അതത് മതങ്ങൾ കൈയടക്കിവെച്ചിരിക്കുകയാണ്. രാമായണവും മഹാഭാരതവുമാണ് ഇന്ത്യയിൽ വ്യാപകമായി പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും. ഇസ്ലാമിക്, ബുദ്ധിസ്റ്റ്, ക്രൈസ്റ്റ് മിത്തോളജികളൊക്കെ നമുക്ക് അന്യമാണ്. ലോകത്താദ്യമായി സാത്താൻെറ വചനങ്ങൾ നിരോധിച്ച രാജ്യം ഇന്ത്യയാണ്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? എന്തുകൊണ്ടാണ് മക്കയെക്കുറിച്ചും മദീനയെക്കുറിച്ചും ഭാരതീയർ പൊതുവായി പഠിക്കാത്തത്? ഇതൊക്കെ നമ്മുടെ പാഠഭാഗങ്ങളിൽ എന്നാണ് ഉൾപ്പെടുത്തുക? ഇതൊക്കെയാണ് മതരാഷ്ട്രീയത്തിൻെറ ട്രാജഡി.

? ബീഫ് നിരോധനത്തിൽ സ്വന്തം നിലപാട് വ്യക്തമാക്കിയപ്പോൾ താങ്കൾക്കെതിരേ വ്യാപകമായ പ്രതിഷേധമുയർന്നിരുന്നല്ലോ.

= പശു കാർഷികമേഖലയിൽ ഗണ്യമായ സംഭാവനകൾ തരുന്നുണ്ട്. പക്ഷേ, **അതിൻെറ ഉത്പാദനക്ഷമത അവസാനിച്ചാൽ മാംസമാക്കുന്നതുകൊണ്ട് എന്താണ് തെറ്റ്? പശുവിനെ മാത്രം വിശുദ്ധമാക്കുന്നതിനോടാണ് എനിക്ക് എതിർപ്പ്. കാളയും കാർഷിക ഇന്ത്യയിൽ നല്ല പങ്കുവഹിക്കുന്നില്ലേ. എത്ര ക്രൂരമായാണ് വയലുകളിൽ ഉഴുതുമറിക്കുന്നതിനായി അവറ്റകളെ വരിയുടച്ചുകളയുന്നത്. ഒരേ വർഗത്തിൽപ്പെട്ട ആണിനും പെണ്ണിനും വ്യത്യസ്തമായ പരിപാലനം. എന്തൊരു അവകാശലംഘനമാണിത്! ഇതെല്ലാം രാഷ്ട്രീയനാടകമാണ്. അപകടകരമായ അടവുകളാണ് രാഷ്ട്രീയക്കാരുടെ കൈയിലുള്ളത്. അവർ ത്യാഗത്തിൻെറ കഥ പറയാൻ ദൈവത്തെ കൂട്ടുപിടിക്കും. ജനസേവയെക്കുറിച്ച് വാചാലരാവും. അതിൽ വീണുപോകരുത് നമ്മൾ. ബൗദ്ധികസംവാദങ്ങൾ നിയന്ത്രിക്കാൻ ഒരിക്കലും രാഷ്ട്രീയക്കാരെ ഏൽപ്പിക്കരുത്.** പഴയകാലത്ത് രാജാവും ഋഷിയും രണ്ടും രണ്ടായിരുന്നു. ഇന്ന് രാജാവ് തന്നെയാണ് ഋഷി. ഇത് അപകടകരമാണ്.

അമൃതവചനം

ശിവരാത്രി

മക്കളേ,

ശിവരാത്രി, ത്യാഗത്തിൻെറയും തപസ്സിൻെറയും ഉത്സവമാണ്. അന്യചിന്തകൾ വെടിഞ്ഞ് ഈശ്വരസ്മരണയിൽ മുഴുകാനും മനുഷ്യജന്മത്തിൻെറ ആത്യന്തികലക്ഷ്യം സാക്ഷാത്കരിക്കാനും ശിവരാത്രി നമ്മെ ഓർമിപ്പിക്കുന്നു.

ശിവരാത്രി ആഘോഷവുമായി ബന്ധപ്പെട്ട ഒട്ടേറെ ഐതിഹ്യങ്ങളുണ്ട്. പാലാഴിമഥനസമയത്ത് കാളകൂടവിഷം ഉയർന്നുവന്നപ്പോൾ ശ്രീപരമേശ്വരൻ അത് ഭക്ഷിച്ച് ലോകത്തെ രക്ഷിച്ചതിൻെറ ഓർമയ്ക്കാണ് ശിവരാത്രി ആഘോഷിക്കുന്നതെന്നു കരുതപ്പെടുന്നു. ബ്രഹ്മാവും വിഷ്ണുവും പരസ്പരം മത്സരിച്ചപ്പോൾ അഖണ്ഡജ്യോതിസ്സായി ശിവൻ അവരുടെമുന്നിൽ പ്രത്യക്ഷപ്പെട്ട ദിനമാണ് ശിവരാത്രിയെന്നത് മറ്റൊരു ഐതിഹ്യം.

ശിവപാർവതീ വിവാഹംനടന്ന ദിവസമാണ് ശിവരാത്രിയെന്നും വിശ്വസിക്കപ്പെടുന്നു. ജ്ഞാനസ്വരൂപനായ ശിവൻ സ്വതവേതന്നെ വിരക്തനും വൈരാഗിയുമാണ്. പാർവതി തപസ്സിൻെറയും പ്രേമത്തിൻെറയും പ്രതീകമാണ്. അങ്ങനെ ശിവകുടുംബം ജ്ഞാനത്തിൻെറയും വൈരാഗ്യത്തിൻെറയും തപസ്സിൻെറയും കാരുണ്യത്തിൻെറയും മാതൃകയായിത്തീർന്നു. എല്ലാ ഗൃഹസ്ഥാശ്രമികൾക്കും ഇതൊരു സന്ദേശം നൽകുന്നു. ഭാര്യപുത്രാദികളെ സ്നേഹപൂർവം സംരക്ഷിക്കണം. തൻെറ കർത്തവ്യമെന്നോണം അവർക്ക് വേണ്ടതെല്ലാം ചെയ്യണം. എന്നാൽ, ഉള്ളതുകൊണ്ട് തികച്ചും നിസ്സംഗനായിരിക്കണം. ഈശ്വരനോടു മാത്രമായിരിക്കണം യഥാർഥബന്ധം. അങ്ങനെയായാൽ ഗൃഹസ്ഥജീവിതം ആധ്യാത്മികസാധനയായിമാറും.

ഒരാൾക്ക് ഉപരിപഠനത്തിനായി വിദേശത്തേക്ക് പോകേണ്ടിവന്നു. പഠനം പൂർത്തിയാക്കി തിരിച്ചെത്താൻ നാലഞ്ചുവർഷം കഴിയും. താൻ വിദേശത്തുനിന്നു വരുന്നതുവരെ തൻെറ പ്രിയപ്പെട്ട വളർത്തുനായയെ നോക്കാൻ അയൽക്കാരനായ സുഹൃത്തിനോട് അയാൾ അഭ്യർഥിച്ചു. സുഹൃത്ത് സന്തോഷപൂർവം അതിന് സമ്മതിച്ചു. സ്വന്തം നായയെ എന്നപോലെ അതിനെ നോക്കി. അഞ്ചുവർഷം കഴിഞ്ഞു. വിദേശത്തുപോയ ആൾ ഉപരിപഠനം പൂർത്തിയാക്കി തിരിച്ചുവന്നു. അയാളെ കണ്ടതും സുഹൃത്ത് യാതൊരു മടിയും കൂടാതെ നായയെ തിരിച്ചേൽപ്പിച്ചു. 'കഴിഞ്ഞ അഞ്ചുവർഷം നായയെ ഞാനാണ് നോക്കിയത്. ഇപ്പോൾ നായയെ തിരിച്ചുകൊണ്ടുപോകാൻ ഇദ്ദേഹത്തിന് എന്തവകാശമാണുള്ളത്?' എന്ന് സുഹൃത്ത് ചിന്തിച്ചില്ല. നായ തൻേറതല്ലെന്നും കൂട്ടുകാരനുവേണ്ടി താൻ ഇത്രയുംനാൾ അതിനെ പരിപാലിക്കുകമാത്രമാണ് ചെയ്തതെന്നും അയാൾക്ക് പൂർണബോധ്യമുണ്ട്.

ഈ കഥയിലെ സുഹൃത്തിനെപ്പോലെ നമ്മുടേതെന്ന് നമ്മൾ കരുതുന്നതെല്ലാംതന്നെ ഈശ്വരൻ നമുക്ക് നൽകിയതാണെന്നും എപ്പോൾ വേണമെങ്കിലും അവയെ തിരിച്ചെടുക്കാനുള്ള സ്വാതന്ത്ര്യം ഈശ്വരനുണ്ടെന്നുമുള്ള ബോധം നമുക്കുണ്ടാകണം. ഏത് പ്രതിസന്ധിയിലും അസ്വസ്ഥരാകാതിരിക്കാൻ ഈ മനോഭാവം നമ്മളെ സഹായിക്കും. ത്യാഗവും സമർപ്പണഭാവവും ശിവരാത്രിദിവസം മാത്രം പോരാ. എപ്പോഴും അതുണ്ടാകണം. നമ്മുടെ സകലചിന്തകളും വാക്കുകളും കർമങ്ങളും സ്നേഹത്തിൽനിന്ന് ഉദിക്കുന്നതായിത്തീരട്ടെ. ഞാനീ നശ്വരമായ ശരീരമല്ല, സച്ചിദാനന്ദമായ ശിവസ്വരൂപമാണെന്ന ആത്മജ്ഞാനം നമ്മളിൽ പ്രകാശിക്കട്ടെ. ഈശ്വരകൃപ എല്ലാവരെയും അതിന് അനുഗ്രഹിക്കട്ടെ.

–അമ്മ

പുസ്തകം

കീഴാള മാർക്സിസവും കീഴാള ജനാധിപത്യവും
ബി. രാജീവൻ
പുസ്തകപ്രസാധക സംഘം
വില: 220
രാഷ്ട്രീയസംഘടനകളുടെ നേതൃത്വത്തിലല്ലാതെ ഉയർന്നുവരുന്ന കീഴാള ജനാധിപത്യ ജനസഞ്ചയ സമരങ്ങളിലെ രാഷ്ട്രീയപ്രസക്തി വെളിവാക്കുന്ന പ്രതിബന്ധങ്ങളുടെയും പ്രതികരണങ്ങളുടെയും സമാഹാരം



ഉമ്മൻചാണ്ടി
പാലോട് ദിവാകരൻ
ശ്രേഷ്ഠ പബ്ലിക്കേഷൻസ്
വില: 190
മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജീവചരിത്രം

108 മലയാള കവികൾ
തുളസി കോട്ടുക്കൽ
എച്ച് ആൻഡ് സി പബ്ലിക്കേഷൻസ്
വില: 200
എഴുത്തച്ഛൻ മുതൽ ഏറ്റവും ആധുനികനായ കവിവരെയുള്ളവരെ ഉൾപ്പെടുത്തിയ ലഘുകുറിപ്പുകളുടെ സമാഹാരം

കറുത്ത ചന്ദ്രൻ, വെളുത്ത ചന്ദ്രൻ
ടി.കെ. ശങ്കരനാരായണൻ
യെസ്പ്രസ് ബുക്സ്
വില: 150
ജ്യോതിഷം മുഖ്യപ്രമേയമാകുന്ന കഥകളുടെ സമാഹാരം

രാജ്യം അതിന്റെ വിധിയോട് പൊരുതുന്നു
എഡിറ്റർ: പ്രതാപൻ തായാട്ട്
ഹരിതം ബുക്സ്
വില: 200
പൗരത്വനിയമഭേദഗതിയെക്കുറിച്ചുള്ള പ്രഗല്ഭരുടെ ആലോചനകളുടെ സമാഹാരം

സ്കൂൾ ഫാക്ടറി
എഡിറ്റർ: സുദീപ് തെക്കേപ്പാട്ട്
സാഹിത്യപുസ്തക പ്രസാധനം
വില: 200
പലരെഴുതിയ അധ്യാപകകഥകളുടെ സമാഹാരം

ഉമ്പായി നിലയ്ക്കാത്ത രാഗമാലിക
എഡിറ്റർ: അഞ്ജന ശശി
ലോഗോസ് ബുക്സ്
വില: 200
പ്രസിദ്ധ ഗസൽ ഗായകൻ ഉമ്പായിയെക്കുറിച്ചുള്ള ഓർമകളുടെ സമാഹാരം

MCR
PURE COTTON CLUB
• DHOTHIES • WHITE SHIRTS
• LINEN SHIRTS • T - SHIRTS
• VESTS • BRIEFS

പുസ്തകം/സമൂഹം

സ്വപ്നത്തിന്റെ വഴികളിലൂടെ ഒരു രാത്രിയാത്ര

ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസിലെ നരവംശശാസ്ത്ര അസോസിയേറ്റ് പ്രൊഫസറായ അല്പ ഷാ ഇന്ത്യയിലെ നക്സൽ ഹൃദയഭൂമിയിലൂടെ വേഷംമാറി സഞ്ചരിച്ചത് 250 കിലോമീറ്ററാണ്. അത് അവരുടെമുന്നിൽ ഒരുപാട് യാഥാർഥ്യങ്ങൾ തുറന്നിട്ടു. ഇതിന്റെ ഫലമാണ് ഇന്ത്യയിലെ നക്സൽ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ഏറ്റവും നല്ല ഗ്രന്ഥങ്ങളിലൊന്നായ 'NIGHTMARCH-A JOURNEY INTO INDIA'S NAXAL HEARTLANDS' എന്ന പുസ്തകം. ഈ പുസ്തകത്തിലൂടെ കടന്നുപോവുമ്പോൾ നിലനിൽക്കുന്ന മറ്റൊരു ഇന്ത്യ ചുരുൾനിവരും

കെ.എ. ജോണി
✉ johnykanton@mpp.co.in

'വിപ്ലവത്തിൻെറ വസന്തം ഇന്ത്യയിൽ വരവറിയിച്ചിരിക്കുന്നു' എന്നാണ് നക്സൽ പ്രസ്ഥാനത്തെക്കുറിച്ച് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നിരീക്ഷിച്ചത്. അനീതിക്കും അസമത്വത്തിനുമെതിരേയുള്ള ഇന്ത്യൻ യുവത്വത്തിൻെറ തീക്ഷ്ണവും തീവ്രവുമായ പ്രതികരണത്തിന് അരനൂറ്റാണ്ട് പിന്നിടുമ്പോൾ വിചാരണയും വിശകലനവും അനിവാര്യമാണ്. പ്രതിഭാശാലികളായ ആയിരക്കണക്കിന് യുവാക്കളാണ് നക്സലിസത്തിൻെറ കാട്ടുതീയിൽ എരിഞ്ഞുചാമ്പലായത്. ഭരണകൂടവുമായി ഏറ്റുമുട്ടി അകാലത്തിൽ പൊലിഞ്ഞുപോയവർ. ഗ്രൂപ്പുകൾക്കുള്ളിൽ ഗ്രൂപ്പുകളായി തമ്മിൽത്തമ്മിൽ വെട്ടിത്തീർന്നവരുടെ എണ്ണവും ചെറുതല്ല. 2004-ൽ ഇന്ത്യയിലെ പ്രമുഖ നക്സൽഗ്രൂപ്പുകൾ വൈരം വെടിഞ്ഞ് ഒന്നായി. മാവോവാദികളാണ് ഇന്ത്യയുടെ ഏറ്റവും വലിയ ആഭ്യന്തരഭീഷണിയെന്ന് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിങ് പ്രഖ്യാപിച്ചത് ഈ പശ്ചാത്തലത്തിലായിരുന്നു. ഛത്തീസ്ഗഢിനും ആന്ധ്രയ്ക്കുമിടയിൽ മഹാരാഷ്ട്രയ്ക്കും ബിഹാറിനുമിടയിൽ ഇന്ത്യയുടെ ചുവന്ന ഇടനാഴിയിൽ മാവോവാദികൾ സമാന്തരഭരണകൂടം തീർത്തു. ഇറ്റാലിയൻ മാഫിയയെയാണ് മാവോവാദികൾ ഓർമിപ്പിക്കുന്നതെന്ന നിരീക്ഷണമുണ്ട്. സമത്വവും നീതിയും പുലരുന്ന പുതിയൊരിന്ത്യയ്ക്കായി പൊരുതുന്ന വിപ്ലവകാരികളാണ് മാവോവാദികളെന്ന വിലയിരുത്തലുമുണ്ട്. ഏറെവിഭിന്നമായ അടരുകളുടെ വലയം എപ്പോഴും മാവോവാദികൾക്കുമേലുണ്ട്. ഈ അടരുകളാണ് അല്പ ഷാ എന്ന എഴുത്തുകാരി വകഞ്ഞുമാറ്റുന്നത്. ***'നൈറ്റ് മാർച്ച്: എ ജേണി ഇൻടു ഇന്ത്യാസ് നക്സൽ ഹാർട്ട്ലാൻഡ്സ്'*** എന്ന ഗ്രന്ഥം അല്പ ഷാ നടത്തുന്ന ഈ അന്വേഷണമാണ്. തലച്ചോറുകൊണ്ടുമാത്രമല്ല ഹൃദയംകൊണ്ടുകൂടിയാണ് ഷാ ഈ അന്വേഷണം നടത്തുന്നതെന്നതാണ് നൈറ്റ് മാർച്ചിനെ അനന്യമാക്കുന്നത്.

ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസിൽ നരവംശശാസ്ത്രവിഭാഗം അസോസിയേറ്റ് പ്രൊഫസറായ അല്പ ഷായുടെ പുസ്തകം സവിശേഷശ്രദ്ധ നേടുന്നത് പങ്കാളിത്ത നിരീക്ഷണത്തിലൂടെയാണ്. മാവോവാദി പ്രസ്ഥാനത്തിൻെറ ഹൃദയഭൂമിയായ ജാർഖണ്ഡിൽ ഷാ രണ്ടരക്കൊല്ലമുണ്ടായിരുന്നു. അവിടെ ആദിവാസികൾക്കിടയിൽ ജീവിച്ചുകൊണ്ട് മാവോവാദികളുമായി നേർക്കുനേർ സമ്പർക്കം പുലർത്താനായതിൻെറ ജീവസ്സുറ്റ ബാക്കിപത്രമാണ് ഷായുടെ പുസ്തകം. 2010-ൽ ബിഹാറിലെ കാടുകളിൽനിന്ന് മാവോവാദികൾക്കൊപ്പം ജാർഖണ്ഡിലേക്ക് ഏഴുദിനരാത്രങ്ങൾനീണ്ട അതിസാഹസികമായ യാത്ര നടത്തുന്നതിനും ഷായ്ക്കായി. ജീവിതത്തിനും മരണത്തിനുമിടയിലൂടെയുള്ള സഞ്ചാരമായിരുന്നു അത്. ഈ യാത്രയുടെ വിവരണമാണ് പുസ്തകത്തിൻെറ മുഖ്യ ഉള്ളടക്കം.

നക്സൽപ്രസ്ഥാനത്തെ ഇത്രയും ഹൃദയാർദ്രമായി വിശകലനം ചെയ്യുന്ന മറ്റൊരു ഗ്രന്ഥമുണ്ടാവില്ലെന്നാണ് പൊളിറ്റിക്കൽ ഇക്കോണമിയെക്കുറിച്ച് ആഴത്തിൽ എഴുതുന്ന പ്രൊഫ. ജയതി ഘോഷ് അഭിപ്രായപ്പെട്ടത്. കാലഹരണപ്പെട്ട ഒരു വിശ്വാസപ്രമാണത്തിൻെറപേരിൽ കലാപംനടത്തുന്ന ഭീകരരാണോ മാവോവാദികൾ? അതോ ഭരണകൂടഭീകരതയ്ക്കെതിരേ മറ്റുവഴിയൊന്നുമില്ലാതെ ആയുധമേന്താൻ നിർബന്ധിതരായ ആദർശശാലികളോ? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് അല്പ ഷാ തേടുന്നതെന്നാണ് ദ ഗാർഡിയനിൽ എഴുതിയ നിരൂപണത്തിൽ ജൂലിയ ലോവൽ ചൂണ്ടിക്കാട്ടിയത്. നക്സലുകളെക്കുറിച്ച് ഇത്രയും പിടിച്ചിരുത്തുന്ന മറ്റൊരു വിവരണം താൻ ഇതുവരെ വായിച്ചിട്ടില്ലെന്ന് എഴുത്തുകാരി മീന കന്ദസാമി പറയുന്നു. ജീവിതവും സിദ്ധാന്തവും ഒരുപോലെ സമ്മേളിക്കുന്ന ഇടമാണ് നൈറ്റ് മാർച്ച്. ആദിവാസികൾക്കിടയിൽ മാവോവാദികൾ സ്വീകാര്യതനേടിയത് എങ്ങനെയാണെന്ന കൃത്യമായ നിരീക്ഷണങ്ങൾ ഷാ നടത്തുന്നുണ്ട്. മാനവികതയുടെ വിശാലവും ആഴമാർന്നതുമായ പരിസരത്തുനിന്നുകൊണ്ടാണ് ഷാ നക്സലുകളുടെ വ്യവഹാരങ്ങൾ പരിശോധിക്കുന്നത്.

വിചാരണയും വിശകലനവും

ചാരുകസേരയിൽ ഇരുന്നുകൊണ്ടുള്ള വെടിവട്ടമല്ല ഷായുടെ പുസ്തകം. ആമുഖത്തിൽ ഷാ എഴുതുന്നു: 'വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നുള്ളവർ ലോകം മാറ്റിമറിക്കാൻ ഒന്നിച്ചുചേർന്ന് ആയുധമെടുക്കുന്നതെന്തുകൊണ്ടാണെന്നു മാത്രമല്ല നൈറ്റ് മാർച്ച് കാട്ടിത്തരുന്നത്. ലക്ഷ്യം നേടുന്നതിനായി ഇവർ തമ്മിലടിക്കുന്നത് എന്തുകൊണ്ടാണെന്നും നൈറ്റ് മാർച്ച് അന്വേഷിക്കുന്നുണ്ട്. വൈരുധ്യങ്ങളെക്കുറിച്ചുള്ള ധ്യാനമാണത്. കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി വിപ്ലവത്തിൻെറ പാത തിരഞ്ഞെടുത്ത സ്വപ്നാടകരുടെയും പരിഷ്കരണവാദികളുടെയും അടിസ്ഥാനപരമായ ധർമസങ്കടങ്ങൾ അത് അനാവരണംചെയ്യുന്നുണ്ട്. ഒട്ടേറെ ത്യാഗങ്ങളിൽത്തീർത്ത അടിത്തറയായിട്ടും മാനുഷികമായ ദൗർബല്യങ്ങളിൽ അത് തകർന്നുപോവുന്നതെങ്ങനെയാണെന്നും നൈറ്റ് മാർച്ച് വെളിപ്പെടുത്തുന്നു. സാമ്പത്തികവളർച്ച, വർധിക്കുന്ന അസമത്വം, നഷ്ടപ്പെടൽ, സംഘർഷം... സമകാലിക ഇന്ത്യ നേരിടുന്ന പ്രതിസന്ധികളുമായുള്ള നേർക്കാഴ്ചയാണത്.'

നയ്റോബിയിലേക്ക് കുടിയേറിയ ഗുജറാത്തികളായിരുന്നു അല്പയുടെ മുത്തച്ഛനും മുത്തശ്ശിയും. അല്പയുടെ പിതാവ് ഡോക്ടറായിരുന്നു. സതീർഥ്യരും സഹഗുജറാത്തികളും ബിസിനസിലേക്ക് തിരിഞ്ഞപ്പോൾ അല്പയുടെ പിതാവ് വൈദ്യസേവനത്തിൽത്തന്നെ തുടർന്നു. പണമുണ്ടാക്കുകയല്ല ജീവിതത്തിൻെറ അവസാനവാക്ക് എന്നാണ് പിതാവ് അല്പയെ പഠിപ്പിച്ചത്. യാത്രപോവുമ്പോൾ കഴിയുന്നത്രപേർക്ക് കാറിൽ ഇടംകൊടുക്കണമെന്നും സഹവർത്തിത്വത്തിൻെറ അർഥം മറ്റുള്ളവരെ കൂടെക്കൂട്ടുന്നതാണെന്നും വിശ്വസിച്ചിരുന്ന പിതാവാണ് തന്നിൽ മാനവികതയുടെ വിത്തുകൾ പാകിയതെന്ന് അല്പ പറയുന്നു. ലോകബാങ്കിലെ ജോലി വേണ്ടെന്നുവെച്ച് ഗവേഷണത്തിലേക്ക് മടങ്ങിയപ്പോൾ ആദിവാസികളുടെ ജീവിതം നേരിട്ട് മനസ്സിലാക്കണമെന്ന ചിന്തയുദിച്ചതും ഇതേ വീക്ഷണംകൊണ്ടായിരുന്നു. വൈദ്യുതിയില്ലാത്ത, പൈപ്പുവെള്ളമില്ലാത്ത ആദിവാസിക്കുടിലുകളിൽ രണ്ടരക്കൊല്ലം താമസിക്കാൻ അല്പയെ പ്രാപ്തയാക്കിയതും ഇതേ കാഴ്ചപ്പാടാണ്.

വൈരുധ്യങ്ങളുടെ ലോകം

ആദർശാത്മകലോകം സ്വപ്നംകണ്ടാണ് ഇന്ത്യയിലെ ഇടത്തരം ഉപരിവർഗ സമൂഹങ്ങളിൽനിന്ന് ചെറുപ്പക്കാർ നക്സൽപ്രസ്ഥാനങ്ങളിലേക്കെത്തിയത്. ഇവരാണ് പിന്നീട് നക്സൽഗ്രൂപ്പുകളെ നയിച്ചത്. ത്യാഗനിർഭരമാണ് ഇവരുടെ ജീവിതമെന്നതിൽ സംശയമില്ലെന്ന് ഷാ എഴുതുന്നുണ്ട്. ആദിവാസികളിൽ പലരും പക്ഷേ, നക്സൽ കൂടാരത്തിലേക്കെത്തുന്നത് വ്യക്തിപരമായ പ്രശ്നങ്ങൾക്കുപുറത്താണ്. കൊഹ്ലി എന്ന 16-കാരൻ ആദിവാസി ബാലൻ നക്സലുകളെത്തേടിയെത്തിയത് വീട്ടിൽ പിതാവുമായി വഴക്കുണ്ടായതിനെത്തുടർന്നാണ്. ഒരു ഗ്ലാസ് പാൽ കൈയിൽനിന്ന് നിലത്തുവീണതിന് കൊഹ്ലിയെ പിതാവ് മർദിച്ചു. ദേഷ്യവും സങ്കടവും നിമിത്തം കൊഹ്ലി നക്സൽപാളയത്തിലെത്തി നക്സലൈറ്റായി. ഇത്തരം വൈരുധ്യങ്ങൾ അല്പ ഷാ തൻെറ പുസ്തകത്തിൽ സൂക്ഷ്മമായി വരച്ചുകാട്ടുന്നുണ്ട്.

ആദിവാസികൾ വാസ്തവത്തിൽ ഇന്ത്യയിലെ ഇതരസമൂഹങ്ങളെക്കാൾ ലിംഗനീതിയും സമത്വവും പുലർത്തുന്നവരാണ്. വീട്ടിലെ ജോലികൾ ചെയ്യാൻ ആദിവാസിപുരുഷന്മാർക്ക് മടിയില്ല. ആദിവാസിസ്ത്രീകൾ പുറത്തുപോയി പണിയെടുക്കുന്നവരാണ്. പുരുഷന്മാരും സ്ത്രീകളും ഒന്നിച്ച് മദ്യപിക്കുന്നു, ഒന്നിച്ച് ഉല്ലസിക്കുന്നു. ഈ ഇടങ്ങളിലേക്ക് നക്സലുകൾ കടന്നുവരുമ്പോൾ പാടിയാർക്കൽ സമൂഹത്തിൻെറ ചില സ്വഭാവസവിശേഷതകളുടെ കടന്നുകയറ്റംകൂടി സംഭവിക്കുന്നുണ്ടെന്ന് ഷാ ചൂണ്ടിക്കാട്ടുന്നു.

അതേസമയം, ആദിവാസികളെ മനുഷ്യരായി സമഭാവനയോടെ കാണാൻ നക്സലുകൾ തയ്യാറാവുന്നുണ്ടെന്നത് കാണാതിരിക്കരുതെന്നും ഷാ പറയുന്നു. നക്സലുകളുടെ ഈ സമീപനമാണ് നക്സൽ കൂടാരങ്ങൾ മറ്റൊരു വീടായി കാണാൻ ആദിവാസികളെ പ്രേരിപ്പിക്കുന്നത്.



നക്സലൈറ്റുകൾക്കൊപ്പം അല്പ ഷാ നടത്തിയ യാത്രകളിലൊന്ന്



NIGHT MARCH A Journy in to India's naxal heartlands
എന്ന പുസ്തകത്തിന്റെ കവർ

സമരത്തിന്റെ സിദ്ധാന്തത്തിലും പ്രയോഗത്തിലും മാറ്റംവരുത്തണം

ഇന്ത്യയിലെ നക്സലുകളുടെ ജീവിതത്തിന്റെയും അവരെ ചുറ്റിനിൽക്കുന്ന ആദിവാസി ജീവിതത്തിന്റെയും ഉള്ളടരുകൾ അടുത്തുനിന്നറിഞ്ഞപ്പോൾ മനസ്സിലായ കാര്യങ്ങൾ അല്പ ഷാ കെ.എ. ജോണിയോട് പങ്കുവെച്ചപ്പോൾ

അല്പ ഷാ

? തോൽക്കുന്ന ഒരു പോരാട്ടത്തിലാണ് നക്സലുകൾ എന്ന് താങ്കൾ കരുതുന്നുണ്ടോ? നേപ്പാളിൽ സംഭവിച്ചതുപോലെ ഇന്ത്യയിലും നക്സലുകൾ മുഖ്യധാരാരാഷ്ട്രീയത്തിലേക്ക് വരാനുള്ള സാധ്യത എത്രയാണ്

= ഇന്ത്യൻ ഭരണകൂടത്തിൻെറ അതിശക്തമായ അടിച്ചമർത്തൽ കാരണം മാവോവാദികൾ ഇന്നിപ്പോൾ രാജ്യത്ത് ചില പോക്കറ്റുകളിലേക്ക് ഒതുക്കപ്പെട്ടിരിക്കയാണ്. ഇവിടങ്ങളിൽ അതിജീവനത്തിനായുള്ള സായുധപോരാട്ടത്തിലാണ് ഇവരിപ്പോൾ. നിങ്ങൾ നിങ്ങളുടെ ഊർജം മുഴുവൻ നിങ്ങളുടെ പ്രതിരോധത്തിനായി ചെലവിടുമ്പോൾ സംഭവിക്കുന്ന വലിയൊരു പ്രശ്നം നിങ്ങൾ നേരിടുന്ന പ്രതിയോഗികളുടെ ആക്രമണോത്സുകത നിങ്ങളും പുനരുത്പാദിപ്പിക്കുന്നതിനുള്ള സാധ്യതയാണ്. 'നക്സൽ മാർച്ച്' ഈ സാധ്യതയിലേക്ക് വിരൽചൂണ്ടുന്നുണ്ട്. നക്സലുകൾ നേരിടുന്ന വലിയൊരു ധർമസങ്കടമാണിത്. പലപ്പോഴും പല നക്സൽഗ്രൂപ്പുകളും തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിലേക്ക് വന്നിട്ടുണ്ട്. നേപ്പാളിൽ സംഭവിച്ചത് ഇന്ത്യയിൽ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന സംഗതിയാണ്. അതേസമയം, മുഖ്യധാരാരാഷ്ട്രീയത്തിലേക്ക് വരുന്നത് വിപ്ലവത്തെ ഒറ്റിക്കൊടുക്കലാണെന്നു കരുതുന്നവരും കുറവല്ല. അവർ സായുധവിപ്ലവത്തിൻെറ വഴിയിൽത്തന്നെ തുടരും.

? ഇന്ത്യൻ പരിതോവസ്ഥകൾ കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടെന്ന് താങ്കൾ കരുതുന്നുണ്ടോ? ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടികളുടെ വളർച്ച മുരടിക്കുന്നതിൽ ഇതൊരു സുപ്രധാന കാരണമാണോ

= വംശം, ജാതി, മതം, കുലം, ലിംഗം എന്നിവയ്ക്ക് സവിശേഷപരിഗണന കൊടുക്കാത്തതിന് മാർക്സിയൻ പ്രസ്ഥാനങ്ങൾ പരക്കെ വിമർശിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലും സ്ഥിതി വിഭിന്നമല്ല. വിവിധ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽ ജാതിയും സ്ത്രീപ്രശ്നങ്ങളും താരതമ്യേന നന്നായി കൈകാര്യം ചെയ്തിട്ടുള്ളത് നക്സലുകളാണ്. 2008-ൽ മരിച്ച അനുരാധ ഗാന്ധിയെപ്പോലൊരു മുതിർന്ന മാവോവാദിനേതാവിൻെറ രചനകളിൽ ഇത് വ്യക്തമാണ്. എന്നിരുന്നാലും മിക്കപ്പോഴുമെന്നതുപോലെ പ്രയോഗം സിദ്ധാന്തത്തിൽനിന്ന് വഴിമാറിയാണ് നടക്കുന്നത്.

? നക്സൽപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഉന്നതകുലജാതരാണ് ഏറെയുമെന്നത് ശക്തമായി വിമർശിക്കപ്പെട്ടിട്ടുണ്ട്...

= ഇതൊരു സങ്കീർണവിഷയമാണ്. ഒരു തലത്തിൽ ന്യൂനപക്ഷങ്ങൾക്ക്, അതിപ്പോൾ ആദിവാസികളായാലും ദളിതരായാലും സ്ത്രീകളായാലും അവരർഹിക്കുന്ന അംഗീകാരം ഏതുസാഹചര്യത്തിലും കിട്ടുകയെന്നത് ദുഷ്കരമാണ്. ഇതിപ്പോൾ നക്സലുകളുടെ കാര്യത്തിൽ മാത്രമല്ല, സംവരണമില്ലാത്ത എല്ലായിടത്തും പ്രശ്നംതന്നെയാണ്. ഉദാഹരണത്തിന് വ്യവസായം, ബിസിനസ്, സ്വകാര്യവിദ്യാഭ്യാസം എന്നിവയിലൊക്കെത്തന്നെ ഈ വിഷമസന്ധിയുണ്ട്. ആദിവാസികളിൽ പലരും നക്സൽപ്രസ്ഥാനത്തിലേക്ക് വരുന്നത് വ്യത്യസ്തമായ കാരണങ്ങൾകൊണ്ടാണ്. മേൽത്തട്ടിൽനിന്നും ഇടത്തട്ടിൽനിന്നും നക്സൽപ്രസ്ഥാനങ്ങളിലേക്ക് വരുന്നവരെ ആകർഷിക്കുന്ന ഘടകങ്ങളല്ല പലപ്പോഴും ആദിവാസികളെ പ്രചോദിപ്പിക്കുന്നത്.

? കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കുറച്ചുകൂടി ജനാധിപത്യപരമായി ആദിവാസികളുമായി ഇടപെട്ടാൽ ഇന്ത്യയിലെ ചുവന്ന ഇടനാഴിയിൽ കാതലായ മാറ്റങ്ങളുണ്ടാവുമെന്ന് കരുതുന്നുണ്ടോ

= ദുഃഖകരമായ കാര്യം ഇത്തരം ജനാധിപത്യസമീപനങ്ങൾ ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്നതാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യംകിട്ടി ഇത്രയേറെ വർഷം കഴിഞ്ഞിട്ടും ആദിവാസികൾ സാമ്പത്തികമായി സമൂഹത്തിൻെറ ഏറ്റവും അടിത്തട്ടിലാണ്. ഇന്നിപ്പോൾ ഭരണകൂടങ്ങൾ ചെയ്യുന്നത് ഒന്നുകിൽ ആദിവാസികളെ മാവോവാദികൾ എന്നപേരിൽ ജയിലിലടയ്ക്കുകയോ അല്ലെങ്കിൽ മാവോവാദികൾക്കെതിരേയുള്ള യുദ്ധത്തിൽ അവരെ അണിനിരത്തുകയോ ആണ്. സ്വന്തം സഹോദരങ്ങൾക്കെതിരേ ആയുധമെടുക്കേണ്ട ഗതികേടിലാണ് ആദിവാസികൾ. അതേസമയം, ആദിവാസികളുടെ ഭൂമിയും മറ്റുവനവിഭവങ്ങളും കവരുന്നതിന് കോർപ്പറേറ്റുകൾക്ക് ഭരണകൂടം അനുമതി നൽകുകയും ചെയ്യുന്നു. മൊത്തത്തിൽ നോക്കിയാൽ മധ്യപൂർവ ഇന്ത്യയിൽ ആദിവാസികളുടെ നില വളരെ പരിതാപകരമാണ്.

? ആദിവാസികളെ വെറുതേവിടണമെന്നും അവർക്കവരുടെ കാര്യംനോക്കി മുന്നോട്ടുപോവാൻ അറിയാമെന്നുമാണോ താങ്കൾ പുസ്തകത്തിലൂടെ വാദിക്കുന്നത്

= ഇന്ത്യയിലെ ആദിവാസികളിൽനിന്ന് നമുക്കേറെ പഠിക്കാനുണ്ട്. ഇന്ത്യയിലെ മറ്റിടങ്ങളിലില്ലാത്ത പല മികച്ച സമ്പ്രദായങ്ങളും ആദിവാസികളുടെ ഇടയിലുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ സ്രഷ്ടാക്കൾ ഇത് തിരിച്ചറിഞ്ഞിരുന്നു. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഭരണഘടനാനിർമാതാക്കൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. വനവിഭവങ്ങൾക്കുമേൽ ആദിവാസികൾക്കുള്ള അവകാശങ്ങൾ നിലനിർത്തുന്നതിനുപകരം അവ തകർക്കുന്നതിന് ബഹുരാഷ്ട്ര കമ്പനികൾക്ക് അവസരമൊരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. മാത്രമല്ല, ഇന്നിപ്പോൾ പല ആദിവാസികളും കുടിയേറ്റത്തൊഴിലാളികളായി പ്രവർത്തിക്കുന്നുണ്ട്. മറ്റ് തൊഴിലാളികൾ എടുക്കാൻ തയ്യാറാവാത്ത തൊഴിലുകളാണ് ഇവർ ചെയ്യുന്നത്. അതിനാണെങ്കിൽ കുറഞ്ഞ പ്രതിഫലവുമാണ് ഇവർക്ക് കിട്ടുന്നത്. ഉദാഹരണത്തിന് കേരളത്തിലെ തോട്ടങ്ങളിൽ ജാർഖണ്ഡിൽനിന്നും മറ്റും ആദിവാസികളെ കൊണ്ടുവന്ന് പാർപ്പിച്ച് പണിയെടുപ്പിക്കുന്നുണ്ട്. മറ്റ് തൊഴിലാളികൾ ഒരിക്കലും അംഗീകരിക്കാത്ത പരിസരങ്ങളിലാണ് ഇവർക്ക് ജീവിക്കേണ്ടിവരുന്നത്. വളരെ കുറഞ്ഞ വേതനമാണിവർക്ക് കൊടുക്കുന്നത്. രണ്ടാംതരം പൗരന്മാരായാണ് ഇവരെ കാണുന്നതും. മാന്യമായ തൊഴിലും വേതനവും ജീവിതപരിസരങ്ങളും എല്ലാവരുടെയും അവകാശമാണ്. അതുകൊണ്ടുതന്നെ ആദിവാസികളുടെ കാര്യത്തിൽ നമുക്ക് ഒരേസമയം പല കാര്യവും ചിന്തിക്കേണ്ടതായുണ്ട്. അവരുടെ ഭൂമിയും വനങ്ങളും സംരക്ഷിക്കപ്പെടണം.

? നക്സലുകളുടെ താവളങ്ങൾ വളരെ അടുത്തുനിന്നാണ് താങ്കൾ കണ്ടറിഞ്ഞത്. തീവ്രവാദം ആത്യന്തികമായി പരാജയപ്പെടും എന്നാണോ താങ്കൾ കരുതുന്നത്

=സമത്വപൂർണമായ ലോകത്തിനുവേണ്ടിയാണ് നക്സലുകൾ പോരാടുന്നത്. പക്ഷേ, അതിനുള്ള മാർഗം ഇപ്പോൾ അവർ സ്വീകരിച്ചിരിക്കുന്നതാണോ എന്നതിനെക്കുറിച്ച് കാര്യമായ പുനർവിചിന്തനം അവർ നടത്തേണ്ടതായുണ്ട്. അവരുടെ സമരത്തിൻെറ സിദ്ധാന്തത്തിലും പ്രയോഗത്തിലും അടിസ്ഥാനപരമായ മാറ്റം വേണം. പക്ഷേ, ഇവിടെ നമ്മൾ തിരിച്ചറിയേണ്ട ഒരു യാഥാർഥ്യമുണ്ട്. ഭരണകൂടവും ബഹുരാഷ്ട്രകമ്പനികളും പ്രവർത്തിക്കുന്ന രീതിനോക്കുമ്പോൾ അവരാണ് കൂടുതൽ തീവ്രവാദികൾ എന്ന് പറയേണ്ടിവരും. ആഗോളതലത്തിൽ ഇവർ തീർക്കുന്ന സാമൂഹിക അസമത്വത്തിനും അനീതിക്കുമെതിരേയാണ് നമ്മൾ ശരിക്കും പൊരുതേണ്ടത്.

ഓർമയിൽ നിന്ന്

കവിതകൊണ്ടുമാത്രമല്ല, ജീവിതംകൊണ്ടും മഹാകവി വൈലോപ്പിള്ളി ഇന്നും മലയാളിക്ക് ഒരു പ്രഹേളികയാണ്. വർഷങ്ങൾക്കുമുമ്പ് മഹാകവിയുമായി അടുത്ത് പരിചയിച്ച് കത്തിടപാടുകൾ നടത്തിയ ലേഖിക ആ അനുഭവവും അദ്ദേഹം തനിക്ക് കുറിച്ച വരികളും ഓർക്കുന്നു

ഞാൻ കൊലക്കുടുക്കുകൊണ്ട് ഊഞ്ഞാലുണ്ടാക്കുന്നു

ഡോ. പി.കെ. കനകലത
✉ kankalathapk@gmail.com

1985-ൽ മദിരാശി സർവകലാശാലയിലെ എൻെറ എം.ഫിൽ പഠനകാലത്താണ് മഹാകവി വൈലോപ്പിള്ളിയുമായി പരിചയമുണ്ടാവുന്നത്. അതിനുകാരണം 'വൈലോപ്പിള്ളിക്കവിതയിലെ ദ്വന്ദ്വഭാവം' എന്ന എൻെറ വിഷയമായിരുന്നു. ഇടംവലം തിരിഞ്ഞുനിൽക്കുന്ന വിരുദ്ധഭാവങ്ങളെ കാവ്യാവസാനത്തിൽ അനുരഞ്ജിപ്പിക്കുന്ന ഒരു സവിശേഷത അദ്ദേഹത്തിൻെറ പലകവിതയിലും പ്രകടമാവുന്നുണ്ട്. പ്രത്യേകിച്ചും ദാമ്പത്യസൂചിതമായ കവിതകളിലെ ഈ അനുരഞ്ജനം കവിയുടെ സ്വകാര്യജീവിതവുമായി ബന്ധപ്പെടുത്തുമ്പോൾ വൈരുധ്യമായി തോന്നി. കവിതയിൽ പൊരുത്തപ്പെട്ടും ജീവിതത്തിൽ പൊരുത്തപ്പെടാനാവാതെ ഒറ്റപ്പെട്ടും ദേവസ്വം ക്വാർട്ടേഴ്സിൽ തനിച്ചുകഴിയുന്ന കവിയോടുതന്നെ ഈ വൈരുധ്യത്തെക്കുറിച്ച് സംസാരിക്കാനുറച്ചു. സഹപാഠിയായ തൃശ്ശൂർക്കാരൻ പ്രസന്നൻ എന്നെ നിരുത്സാഹപ്പെടുത്തി. കാരണം, മുമ്പ് രണ്ടുപേർ കവിയുമായി ബന്ധപ്പെടാൻ ശ്രമിച്ചിട്ട് നിരാശയാണുണ്ടായതെന്ന കാര്യം പ്രസന്നന് അറിയാമായിരുന്നു. കവി പൊതുവേ അന്തർമുഖൻകൂടിയായതിനാൽ വലിയ പ്രതീക്ഷയൊന്നും എനിക്കുണ്ടായിരുന്നില്ല. ശങ്കിച്ചുകൊണ്ടാണെങ്കിലും കത്തെഴുതി. കെ.എം. പ്രഭാകരവാര്യരുടെ ശിഷ്യയാണെന്നുസൂചിപ്പിച്ചുകൊണ്ട്, ആനുകൂല്യം വല്ലതും കിട്ടിയാലോ എന്ന് കരുതിയാണ്. എന്തായാലും കവികടാക്ഷമുണ്ടായി. കേരളത്തിൽ വരുമ്പോൾ മുൻകൂട്ടി അറിച്ചാൽ കാണാമെന്ന മറുപടികിട്ടി. പിന്നെ താമസിച്ചില്ല, ഉടൻതന്നെ കേരളത്തിലേക്ക് പുറപ്പെട്ടു. 1985 മാർച്ച് അഞ്ചിന് വൈലോപ്പിള്ളിയെ ഞാനാദ്യമായും അവസാനമായും കണ്ടു. ആ വർഷംതന്നെയാണല്ലോ കവി നമ്മെ വിട്ടുപിരിഞ്ഞത്. മരിക്കുന്നതിന് രണ്ടുമാസംമുമ്പുവരെ അദ്ദേഹം എനിക്ക് കത്തെഴുതിയിരുന്നു. അവസാനത്തെ കത്ത് ഒക്ടോബർ ഇരുപതിനായിരുന്നു. ആറുമാസത്തിനിടയിൽ അദ്ദേഹമെഴുതിയ പത്ത് കത്തുകൾ ഒരമൂല്യനിധിയായി ഞാനിന്നും സൂക്ഷിക്കുന്നു.

ആദ്യമായി ദേവസ്വം ക്വാർട്ടേഴ്സിൽ ചെന്നപ്പോൾ താഴിട്ടുപൂട്ടിയ കവിയുടെ വീട്ടുവാതിൽ ദൂരെനിന്നുതന്നെ കണ്ട് പരിഭ്രമംതോന്നി. അടുത്തെത്തിയപ്പോൾ ഒരു തുണ്ട് കടലാസ് അവിടെ തിരുകിവെച്ചതായി കണ്ടു. 'എനിക്ക് അത്യാവശ്യമായി പുറത്തുപോകേണ്ടിവന്നു. 11.30-ന് മുമ്പായി തിരിച്ചെത്തും. ദയവുചെയ്ത് കയറിയിരിക്കുക' എന്നെഴുതിവെച്ചത് വായിച്ചപ്പോഴാണ് സമാധാനമായത്. അന്ന് പകൽമുഴുവൻ കവി ഞങ്ങളുടെകൂടെയുണ്ടായിരുന്നു. മുമ്പ് പലർക്കും കൂടിക്കാഴ്ചയ്ക്ക് അനുമതി കൊടുക്കാതിരുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ, 'എന്തോ അന്ന് അങ്ങനെ തോന്നി' എന്നുമാത്രം പറഞ്ഞു. തനിച്ചാണ് പാചകമെന്നതുകൊണ്ട് അദ്ദേഹംതന്നെ മുൻകൈയെടുത്ത് തൃശ്ശൂരിലെ നല്ലൊരു ഹോട്ടലിൽ ഞങ്ങളെ കൊണ്ടുപോയി.

വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാടം' എന്ന കവിതയെക്കുറിച്ച് ചില അഭിമുഖങ്ങളിൽ ഭാര്യ ഭാനുമതിയമ്മ സൂചിപ്പിച്ചിട്ടുണ്ട്. തൻെറ ജീവിതവുമായി ബന്ധപ്പെട്ട പ്രസ്തുതകവിത നല്ലങ്കരയിലെ താമസക്കാലത്ത് താന്നിക്കുടം അമ്പലത്തിലേക്ക് തൊഴാൻപോയ അനുഭവമാണെന്നാണ് അവർ പറയുന്നത്. ആ കവിതയിൽ പതിയുടെ ചന്ദനം ചാർത്തൽകൊണ്ടാണ് ബസ്സുതെറ്റിയത് എന്നുപറയുന്നതുവരെ ശരിയാണോ എന്ന് അഭിമുഖകാരൻ എടുത്തുചോദിച്ചപ്പോൾ ഭാനുമതിയമ്മയുടെ മറുപടി ഇതായിരുന്നു. 'അതൊക്കെ വെറുതേ ഭംഗിക്കുവേണ്ടി യൊക്കെ ചെയ്യുന്നതാണ്. ഒരു ആഡംബരവുമില്ലാത്ത ഞാൻ ചന്ദനം ചാർത്തി വൈകിക്കാറില്ല. അദ്ദേഹത്തിനാകട്ടെ എല്ലാം ഒരുക്കിക്കൊടുത്താലും പുറപ്പെടാൻ താമസമാണ്. എന്നാലും എന്നോട് വേഗം പുറപ്പെട്ടോളൂട്ടോ എന്നുപറയും.' **ഭാനുമതിയമ്മയുടെ ഈ വിശദീകരണം ശരിയാണെന്ന് തോന്നത്തക്ക ഒരനുഭവം അന്ന് കവിയെ സന്ദർശിച്ചവേളയിൽ എനിക്കുമുണ്ടായിട്ടുണ്ട്. ക്വാർട്ടേഴ്സിൽവെച്ച് അദ്ദേഹത്തിൻെറ ഒരു ഫോട്ടോയെടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ആദ്യം അതുവേണോ എന്ന് ചോദിച്ചെങ്കിലും പിന്നീട് കവിയുടെ പെരുമാറ്റം അദ്ഭുതപ്പെടുത്തി. ഹോട്ടലിൽപ്പോയി ഭക്ഷണംകഴിക്കാൻ വേണ്ടി ഡ്രസ് മാറ്റിയതായിരുന്നു. ആ വേഷത്തിൽത്തന്നെ ഫോട്ടോയെടുക്കാൻ ശ്രമിച്ച എൻെറ സഹോദരനെ തടഞ്ഞുകൊണ്ട് അദ്ദേഹം പെട്ടിതുറന്ന് വേറൊരു ഷർട്ടെടുത്തു. എന്നിട്ട്, ഇതുനന്നാവില്ലേയെന്ന അഭിപ്രായമാരാഞ്ഞു. കുറേക്കൂടി പുതിയ ആ ഷർട്ട് ധരിച്ചാണ് അദ്ദേഹം ഫോട്ടോയ്ക്കു വേണ്ടി ഇരുന്നുതന്നത്. കാച്ചിക്കുറുക്കിയ കവിതപോലെത്തന്നെ ദൈനംദിന കാര്യങ്ങളെത്ര തേച്ചുമിനുക്കിയാലും അടുക്കിപ്പെറുക്കിയാലും തൃപ്തിവരാത്ത ഒരു ഭാവം അദ്ദേഹത്തിലുണ്ടെന്നുതോന്നി.**

'കണ്ണീർപ്പാടം'മുൾപ്പെടെയുള്ള കവിതയിലെ അനുരഞ്ജനവും സ്വകാര്യജീവിതത്തിലെ പൊരുത്തക്കേടും എങ്ങനെയാണ് രാജിയാവുന്നതെന്നും അതൊരു വൈരുധ്യമല്ലേയെന്നും ചോദിച്ചപ്പോൾ വ്യക്തിജീവിതത്തെപ്പറ്റിയുംമറ്റും അദ്ദേഹം തുറന്നുപറയുകയുണ്ടായി. എൻെറ ഗവേഷണപ്രബന്ധത്തിൻെറ ആധികാരികതയ്ക്കായി ചില കാര്യങ്ങൾ ഞാനാവശ്യപ്പെട്ടപ്രകാരം അദ്ദേഹം എനിക്ക് എഴുത്തിലൂടെ വിശദമാക്കിത്തരികയുംചെയ്തു. പ്രസ്തുത എഴുത്തിലെ ചില ഭാഗങ്ങളാണിവ: *'കണ്ണീർപ്പാടത്തിൽ വർണിച്ചിരിക്കുന്നതുപോലെയൊക്കെയാണുണ്ടായത്. പക്ഷേ, ഭഗവതിയെക്കണ്ട് തൊഴുതപ്പോഴും ആ പൊരുത്തപ്പെടൽ ഉണ്ടായോ എന്നുസംശയമാണ്. പ്രസിദ്ധീകരിക്കുമ്പോൾ പത്നിക്ക് കഠിനമായ പരാതിയുണ്ടാകാതിരിക്കാനാണ് ഹൃദയത്തിൻെറ മുറിവെല്ലാം ഉണങ്ങിയവിധത്തിൽ കവിതയിൽ ഇണക്കിച്ചേർത്തത്. അവരെ (ഭാര്യയെ)ക്കുറിച്ച് ഒരു കവിതയെഴുതാൻ അവർ പറഞ്ഞിട്ടാണ് 1958-ലെ മഴക്കാലത്ത് അടുത്തുകഴിഞ്ഞ ആ തീർഥയാത്രയെക്കുറിച്ച് ഞാനെഴുതിയത്. അനുരഞ്ജനത്തിൽ കലാശിപ്പിച്ചെഴുതിയിട്ടും വായിച്ചുകേട്ടപ്പോൾ ഹിന്ദിയുമറക്കവും മറ്റുംമറ്റുമായ പരാമർശങ്ങളെച്ചൊല്ലി അവർ ശുണ്ഠിയെടുത്തു. എന്നാൽ, 'വാരികയ്ക്കയയ്ക്കുന്നില്ല' എന്നുപറഞ്ഞ് ഞാൻ എൻെറ മേശയിൽ ഒളിച്ചുവെച്ച് (ഞാൻ അസി. എജ്യുക്കേഷണൽ ഓഫീസറാകയാൽ) ഓഫീസിൽപ്പോയി. ഈ അപമാനവും ഞാൻ ലോകരുടെ മുമ്പിൽ പേറി നടക്കാം എന്ന മസോക്കിസ്റ്റ് ചിന്താഗതിയിലാകാം, അവർ ആ കവിത, മാതൃഭൂമിയുടെ അഡ്രസ്സ് എഴുതിയ ലക്കോട്ടോടുകൂടി എൻെറ മേശയിൽനിന്ന് കണ്ടെടുത്തു. കവറിലാക്കി തപാൽ പെട്ടിയിലിടാൻ ചേർപ്പ് ബേസിക് ട്രെയിനിങ് സ്കൂളിലെ (അവർ ആ സ്കൂളിൽ ഹെഡ്മിസ്ട്രസായിരുന്നു) ഭൃത്യനായ പയ്യൻ രാമകൃഷ്ണൻെറ വശം കൊടുത്തയച്ചു. ഞാൻ ഓഫീസിൽനിന്ന് തിരിച്ചുവന്നപ്പോൾ വിവരം മനസ്സിലാക്കി. സഹിച്ചു. ഭാര്യയുടെ പേരിൽ പുലർത്തേണ്ട മര്യാദ ദീക്ഷിച്ചാണ് ആ കവിത അനുരഞ്ജനരൂപത്തിൽ അവസാനിപ്പിച്ചത്. അല്ലെങ്കിലും കവിതയുടെ ശില്പനിയമം അങ്ങനെയൊരു സമാപ്തിയെമാത്രമേ അനുവദിക്കൂ. പിണക്കവും ഇണക്കവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന കവിതയുടെ ചരട്, ഇഴകൾ പൊട്ടിയ നിലയിൽ വിടുന്നത് സാഹിത്യകലയുടെ സാധാരണനിയമം സഹിക്കുകയില്ല. ശിഷ്യനും മകനും എന്ന കവിതയിൽ 'ഉടൻ കേറക്കായി വാനത്തിടിയോടേ...... തൻ മയിൽ നടനമാടി മദകളം' എന്ന സമാപനം സദയം ശ്രദ്ധിക്കുക. ലതയ്ക്ക് ഇങ്ങനെയുള്ള ബുദ്ധിമുട്ടൊന്നുമുണ്ടാവാതിരിക്കട്ടെ, ഹൃദയത്തിനിണങ്ങിയ വരനെ ലഭിക്കട്ടെ. വാത്സല്യപൂർവം ഒപ്പ്'*

1985 ഏപ്രിൽ 22-ന് എഴുതിയ കത്തിൽ മഹാകവി തുടരുന്നു: *'കണ്ണീർപ്പാട'ത്തിൽ, ഞാൻ പറഞ്ഞതുപോലെ ആ വനദുർഗയെ തൊഴുതുമടങ്ങുകയാണുണ്ടായത്. പാടം കഴിയാറായപ്പോൾത്തന്നെ ക്ഷമയും സ്നേഹവും വിശ്വാസവും വീണ്ടെടുക്കാൻ കഴിഞ്ഞു. ദേവീദർശനം ഈ ശുഭഭാവങ്ങൾക്ക് മഞ്ഞൾകൊണ്ടൊരു കുറിയിട്ടു എന്നുവേണമെങ്കിൽ പറയാം. കവിത, പ്രേയസിയെ പ്രീണിപ്പിക്കാൻ അങ്ങനെ സമാപിച്ചു.*

പക്ഷേ, ജീവിതത്തിൻെറ തേങ്ങൽ മഴയിലും കാറ്റിലും പൂർവാധികം ശക്തിയോടെ തുടർന്നു. അനുരഞ്ജനശ്രമം ഒരുതരം ഒപ്പിച്ചുകൂട്ടലായേ അന്നും തോന്നിയുള്ളൂ. ആസന്നമരണനായ രോഗിയെപ്പറ്റി ആശപുലർത്തുന്നതുപോലെ, 'കയ്പവല്ലരിയിലെ വിഷുക്കണി' ഞാൻ ബാല്യംതൊട്ട് വിഭാവനംചെയ്ത പ്രണയത്തെയും ദാമ്പത്യത്തെയും കുറിച്ചുള്ള ഒരു സാങ്കല്പികകഥാഗീതമാത്രം. വളരെ ലാവണ്യമില്ലെങ്കിലും വളരെ വിശ്വസ്തയും സ്നേഹാർഹയുമായ ഒരു ജീവിതപങ്കാളിയെ ഞാൻ സങ്കല്പത്തിൽ വെച്ചുപോറ്റിയിരുന്നു. എ.ഐ.ആർ.(കോഴിക്കോട്) സംഘാടകരിൽനിന്ന്, വിശേഷിച്ച് പി.സി. കുട്ടികൃഷ്ണനിൽ(ഉറൂബ്)നിന്ന് വിഷുവിന് ഒരു കവിതയ്ക്ക് ക്ഷണംകിട്ടിയപ്പോൾ ആ കവിത ഭാവനയായി പുറത്തുചാടി. അക്കാലത്ത്(1961) ഞാൻ ഒറ്റയ്ക്ക് ഇരിങ്ങാലക്കുട (ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി) താമസിക്കുകയായിരുന്നു. പത്നി ഒട്ടും മമതയില്ലാത്തവിധത്തിൽ ലീവെടുത്ത് സ്വന്തം വീട്ടിലുമായിരുന്നു. ലീവെടുത്തതിനുതക്ക കാരണം പറവാനുണ്ടായിരുന്നു. ശരീരംകൊണ്ടെന്നതിലുമധികം മനസ്സുകൊണ്ട് അകന്നിരുന്നു. ആ ഇരുണ്ട ജീവിതരാത്രിയിൽ ഇങ്ങനെ ഭാവനയുടെ ഒരു 'കഥയും കണിയും' ഒരുക്കുക എനിക്ക് രസകരമായിത്തോന്നി. കൊലക്കുടുക്കുകൊണ്ട് ഊഞ്ഞാലുണ്ടാക്കുക എന്ന് അതിനെ വിശേഷിപ്പിക്കാം. സത്യസന്ധത ജീവവായുപോലെ ഇഷ്ടമാണെങ്കിലും കളവ് അഭിനയിച്ച് സത്യത്തെ തത്കാലം മറയ്ക്കുക എനിക്കിഷ്ടമാണ്. ഒരാളെ വളരെ ലാളിക്കാൻ മനസ്സുവെമ്പുമ്പോൾ അതിനുള്ള മോഹം കാണിക്കാതെ ഉദാസീനത അഭിനയിക്കുക രസമല്ലേ? പക്ഷേ, അതൊന്നും ആഴത്തിൽ ചെല്ലാത്ത അഭിനയങ്ങളാണ്.'

കവിയെ അന്ന് നേരിൽക്കണ്ട് വന്നതിനുശേഷവും തുടർന്നുള്ള കത്തുകളിലെല്ലാം ഒറ്റപ്പെട്ട അദ്ദേഹത്തിൻെറ ജീവിതാവസ്ഥയെക്കുറിച്ച് മനസ്സിൽ പരിതാപമുളവാക്കി. 'സാധിക്കുമെങ്കിൽ എൻെറ ജീവചരിത്രം ലത എഴുതിക്കോളൂ, വേണ്ടസഹായം ഞാൻ തരാം' എന്നദ്ദേഹം അന്ന് പറയുകയുണ്ടായി. അതിനുവേണ്ടി സമയം കണ്ടെത്താൻ ഞാൻ മെനക്കെട്ടില്ലെന്ന കുറ്റബോധം ഇന്നെനിക്കുണ്ട്. എം.ഫിൽ കഴിഞ്ഞതും ജോലിക്കുവേണ്ടിയുള്ള തിരക്കിലായിപ്പോയി ഞാൻ. എൻെറ ആ അവസ്ഥയിൽ ജോലിക്കാര്യത്തെ സംബന്ധിച്ചുള്ള ഉപദേശനിർദേശങ്ങൾ അദ്ദേഹം എനിക്കുതന്നിരുന്നു.



വൈലോപ്പിള്ളി
ദേവസ്വംക്വാർട്ടേഴ്സ്
തൃശ്ശൂർ
22/4/85

പ്രിയപ്പെട്ട ലത,

കനകലതയ്ക്ക് വൈലോപ്പിള്ളി എഴുതിയ കത്തുകളിലൊന്ന്

ഡോ.പി.കെ. കനകലത വൈലോപ്പിള്ളിയോടൊപ്പം